'ഭരണഭാഷ- മാതൃഭാഷ'

150 YEARS OF CELEBRATING THE MAHATMA

## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയസഭാ ചോദ്യം നം.233 — 06.11.2019 ന് മറുപടിയ്ക്ക്

## വന്യമൃഗങ്ങളുടെ ആക്രമണത്തിന് നഷ്ടപരിഹാരം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ആന്റണി ജോൺ<br>,, ബി.ഡി. ദേവസ്സി<br>,, ഒ. ആർ. കേളു<br>,, കെ.ഡി. പ്രസേനൻ : | | അഡ്വ. കെ.രാജു<br><br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) | |
| (എ) | വന്യജീവി സംരക്ഷണത്തിന്റെ പ്രാധാന്യം ഒട്ടും കുറച്ചു കാണാതിരിക്കുമ്പോൾ തന്നെ പകൽ സമയത്തുപോലും പുരയിടങ്ങളിലിറങ്ങി ആനയും കാട്ടുപന്നിയും കടുവയും മനുഷ്യരെ കൊല്ലുന്ന ദുഃസ്ഥിതി ഇനിയും ആവർത്തിക്കാതിരിക്കാനായി ചെയ്തുവരുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ; | (എ) | വന്യമൃഗങ്ങൾ മനുഷ്യരെ കൊല്ലുന്ന ദുസ്ഥിതി ആവർത്തിക്കാതിരിക്കാനായി വനം വകുപ്പ് താഴെ പറയുന്ന പ്രതിരോധ പ്രവർത്തനങ്ങൾ നടത്തി വരുന്നു:-<br>1 . വനത്തിനുപുറത്തേക്ക് വരുന്ന മൃഗങ്ങളെ തിരിച്ച് വനത്തിനുള്ളിലേയ്ക്ക് തെളിച്ചു വിടുന്നതിനുള്ള സംവിധാനത്തോടെ പ്രവർത്തിക്കുന്ന റാപ്പിഡ് റെസ്പോൺസ് ടീമുകൾ.<br>2. പ്രശ്നക്കാരായ ആനകളെ റേഡിയോ കോളർ ഘടിപ്പിച്ച് സഞ്ചാരപഥം നിരീക്ഷിച്ച് വനാതിർത്തിയിലെ താമസക്കാർക്ക് മുന്നറിയിപ്പ് കൊടുക്കുന്നതിനുള്ള സംവിധാനം.<br>3 . സ്ഥിരമായി ജനവാസ കേന്ദ്രങ്ങളിലിറങ്ങുന്ന വന്യജീവികളെ മയക്കു വെടിവെച്ചോ, കൂടുകൾ സ്ഥാപിച്ചോ പിടിച്ച് ജനവാസകേന്ദ്രങ്ങളിൽ നിന്നും അകലെയുള്ള വനമേഖലയിലേയ്ക്കോ |

| | | | |
|---|---|---|---|
| | | | റീഹാബിലിറ്റേഷൻ സെന്ററിലേയ്ക്കോ റീ-ലൊക്കേറ്റ് ചെയ്യൽ.<br>4 . പ്രശ്നബാധിത മേഖലകളിൽ വന്യജീവികളുടെ സഞ്ചാരം നിരീക്ഷിച്ച് എസ്.എം.എസ് മുഖാന്തിരം പ്രദേശവാസികൾക്ക് ജാഗ്രതാ നിർദ്ദേശം നൽകൽ.<br>5 . വന്യജീവികളെ ആകർഷിക്കുന്ന കൃഷിരീതികൾ ഒഴിവാക്കുന്നതിനായി കർഷകർക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനുള്ള നടപടികൾ.<br>6 . വന്യജീവി ആക്രമണം രൂക്ഷമായി അനുഭവപ്പെടുന്ന വനത്തിനകത്തുള്ള സെറ്റിൽമെന്റുകളിൽ നിന്നും കുടുംബങ്ങളെ അവരുടെ സമ്മതത്തോടെ നഷ്ടപരിഹാരം നൽകി മാറ്റി പാർപ്പിക്കുന്നതിനുള്ള നടപടികൾ.<br>7 . വനത്തികത്ത് വന്യമൃഗങ്ങൾക്ക് ജലവും ഭക്ഷണവും ലഭ്യമാക്കുന്നതിന് ജലസംഭരണികളും ചെക്ക് ഡാമുകളും നിർമ്മിക്കുന്നതിനും വനവത്ക്കരണം നടത്തുന്നതിനുമുള്ള നടപടികൾ.<br>8 . മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി ജനപങ്കാളിത്തത്തോടെ രൂപീകരിച്ച ജനജാഗ്രതാ സമിതികൾ മുഖേനയുള്ള പ്രവർത്തനങ്ങൾ |

| | | | |
|---|---|---|---|
| (ബി) | സംസ്ഥാനത്ത് കൃഷിഭൂമിയുമായുള്ള വനാതിർത്തി എത്ര ദൂരമുണ്ടെന്നും ഇതിൽ എത്ര ദൂരം വിവിധ വന്യമൃഗ പ്രതിരോധ മാർഗങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്നും അറിയിക്കാമോ; | (ബി) | സംസ്ഥാനത്തെ വനാതിർത്തി ഉദ്ദേശം 16846 കി.മീറ്റർ ആണ്. കൃഷിഭൂമിയുമായുള്ള വനാതിർത്തി എത്ര ദൂരമുണ്ടെന്ന് തിട്ടപ്പെടുത്തിയിട്ടില്ല.<br>വനാതിർത്തികളിൽ മുഴുവനായി (പരസ്പരം വനാതിർത്തി പങ്കിടുന്ന ഭാഗങ്ങളിൽ) പ്രതിരോധ പ്രവർത്തനങ്ങൾ നടത്തേണ്ട ആവശ്യം ഇല്ല. എന്നാൽ, ജനവാസ മേഖലകൾ വനാതിർത്തിയായി വരുന്ന ഭാഗങ്ങളിൽ സൗരോർജ്ജ വേലി, ആന പ്രതിരോധ കിടങ്ങ്, ആന പ്രതിരോധ മതിൽ എന്നിവ നിർമ്മിച്ച് പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്.<br>സംസ്ഥാനത്ത് 2018-19 വരെ 2413.7 കി.മീ. നീളത്തിൽ സൗരോർജ്ജ വേലി, 631 കി.മീ. നീളത്തിൽ ആന പ്രതിരോധ കിടങ്ങുകൾ, 178.133 കി.മീ ആന പ്രതിരോധ മതിൽ, 6 കി.മീ. കല്ലുകെട്ടിയ കിടങ്ങുകൾ (stone pitched trenches), 26 കി.മീ ജൈവ വേലി, 2 4 8 കി.മീ. കയ്യാല, 1.2 കി.മീ. ക്രാഷ് ഗാർഡ് റോപ്പ് ഫെൻസ് എന്നിവ നിർമ്മിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | വനാതിർത്തിയിൽ മാത്രമല്ല ഏറെ ഉൾപ്രദേശങ്ങളിൽ പോലും കാട്ടു മൃഗങ്ങൾ വ്യാപകമായി കൃഷിനാശ മുണ്ടാക്കുന്നതിനാൽ പ്രത്യേകമായിട്ടുള്ള വിള ഇൻഷുറൻസ് പദ്ധതി ഏർപ്പെടുത്തുന്നതിനോ പര്യാപ്തമായ തോതിൽ നഷ്ടപരിഹാരം നൽകുന്നതിനോ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (സി) | വന്യജീവികളുടെ ആക്രമണം മൂലമുള്ള നാശനഷ്ടങ്ങൾ ക്ക് 1980-ലെ ദി കേരള റൂൾസ് ഫോർ പേയ്മെന്റ് ഓഫ് കോമ്പൻസേഷൻ റ്റു വിക്റ്റിംസ് ഓഫ് അറ്റാക്ക് ബൈ വൈൽഡ് ആനിമൽസ് പ്രകാരം വനം വകുപ്പ് നഷ്ടപരിഹാരം നൽകി വരുന്നുണ്ട്. സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ 02/2015/വനം തീയതി 08/01/2015 പ്രകാരം ഓരോരോ വിളയ്ക്കുമുള്ള നഷ്ടപരിഹാരം എത്രയെന്ന് വ്യക്തമാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. 05/04/2018-ലെ സർക്കാർ ഉത്തരവ് (കൈ) നം.17/2018/വനം പ്രകാരം. വന്യജീവി ആക്രമണം മൂലം കാർഷിക മേഖലയിൽ ഉണ്ടാകുന്ന നഷ്ടത്തിന്റെ 100% (പരാമാവധി 1 ലക്ഷം രൂപ) നഷ്ടപരിഹാരമായി നൽകുന്നുണ്ട്. നഷ്ടപരിഹാര തുക വർദ്ധിപ്പിച്ചത് സർക്കാർ ഉത്തരവ് (കൈ) നം.17/2018/വനം പ്രകാരം 2018-ലാണ് അതിനാൽ തുക വർദ്ധിപ്പിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.<br>കൂടാതെ സമഗ്രമായ വിള ഇൻഷുറൻസ് പദ്ധതി സർക്കാർ ഉത്തരവ് സ.ഉ(എം.എസ്) നം37/2017/കൃഷി തീയതി 22/3/2017 പ്രകാരം സംസ്ഥാന സർക്കാർ കൃഷി വകുപ്പ് മുഖേനയും നടപ്പാക്കി വരുന്നുണ്ട്. പ്രസ്തുത ഉത്തരവിന്റെ പരിധിയിൽ വന്യജീവി ആക്രമണം കൊണ്ടുള്ള നാശനഷ്ടവും ഉൾപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ